(ബി) സാങ്കേതികമായും ലാഭകരമായും മിനറൽ സെപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുന്ന കാര്യങ്ങൾ കേരളാ മിനറൽസ് ആന്റ് മെറ്റൽസ് (കെ.എം.എം. എൽ) പരിശോധിച്ചു വരുന്നു.

(സി) വ്യവസായം എവിടെ തുടങ്ങണമെന്നും മറ്റുമുള്ള കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

(ഡി) ഈ മേഖലയിൽ കണ്ടെത്തിയിട്ടുള്ള ഖനിജ മണൽ നിക്ഷേപം ലോകത്തിലേക്ക് ഏറ്റവും മേന്മയേറിയതാണ്. ഈ നിക്ഷേപത്തിൽ ഇൽമനൈറ്റ്, റൂടൈൽ, സിർകോൺ സിലിമനൈറ്റ്, മോണസൈറ്റ് എന്നീ ഖനിജങ്ങൾ അടങ്ങിയിരിക്കുന്നു.

(ഇ) മുടക്കുമുതൽ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

## കിൻഫ്ര ഏറ്റെടുത്ത ഭൂമി

107 (3104)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കിൻഫ്ര എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്; ഏതെല്ലാം പ്രദേശങ്ങളിൽ;

(ബി) കൊയിലാണ്ടി മണ്ഡലത്തിലെ കീഴരിയൂരിലെ ഭൂമി ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്ര ആകെ 638.80 ഏക്കർ ഭൂമി പൊന്നും വിലയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം ജില്ല,
   കഴക്കൂട്ടം മേനംകുളം വില്ലേജിൽ 12.45 ഏക്കർ
   അരുവിക്കര വില്ലേജിൽ മൈലം പ്രദേശത്ത് 12.11 ഏക്കർ
2. എറണാകുളം ജില്ല
   കാക്കനാട് വില്ലേജിൽ 43.55 ഏക്കർ
   ഐരാപുരം വില്ലേജിൽ 21 ഏക്കർ
3. പാലക്കാട് ജില്ല
   സെൻട്രൽ പുതുശ്ശേരി വില്ലേജിൽ 304 ഏക്കർ
4. മലപ്പുറം ജില്ല
   ചേലമ്പ്ര വില്ലേജിൽ കാക്കഞ്ചേരി പ്രദേശത്ത് 88 സെന്റ്
5. കണ്ണൂർ ജില്ല
   എരഞ്ഞോളി, കതിരൂർ വില്ലേജുകളിൽ പെട്ട 50.25 ഏക്കർ
6. കാസർഗോഡ് ജില്ല
   കണ്ണൂർ, സേളു, പട്ല വില്ലേജുകളിൽ പെട്ട 194.56 ഏക്കർ

ഇതു കൂടാതെ എറണാകുളം ജില്ലയിൽ ഐരാപുരം പ്രദേശത്ത് 59.12 ഏക്കറും, മഴുവന്നൂർ വില്ലേജിൽ 64.89 ഏക്കറും, തൃക്കാക്കര നോർത്ത് വില്ലേജിൽ കളമശ്ശേരി എച്ച്.എം.ടി കോമ്പൗണ്ടിൽപ്പെട്ട 240 ഏക്കർ ഭൂമിയും സർക്കാർ കിൻഫ്രക്ക് പതിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കീഴയൂരിലെ ഭൂമി ഏറ്റെടുക്കാൻ തൽക്കാലം പദ്ധതികളൊന്നും നിലവിലില്ല.

## വായ്പ വിതരണം ചെയ്യാൻ നടപടി

108 (3108)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഹമ്മ പഞ്ചായത്ത് ഹാൻറി ക്രാഫ്റ്റ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിലെ അംഗങ്ങളായ പുൽത്തടുക്ക് നെയ്യുന്ന അൻപത്തിയേഴ് സ്ത്രീ തൊഴിലാളികൾക്ക് കൊച്ചിയിലെ സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ് ഇൻഡസ്ട്രിയൽ അപ്പക്സ് സൊസൈറ്റി വഴി ഭവന നിർമ്മാണത്തിന് വായ്പ അനുവദിച്ചിരുന്നോ;

(ബി) അപ്രകാരം അനുവദിച്ച വായ്പ തുക വിതരണം ചെയ്തിട്ടുണ്ടോ;

(സി) വായ്പാ വിതരണം തടഞ്ഞു വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വായ്പ അനുവദിക്കുന്നതിനായി സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്ന 57 തൊഴിലാളികളെ തെരഞ്ഞെടുത്തിരുന്നെങ്കിലും 54 പേർക്കേ വായ്പ അനുവദിച്ചിരുന്നുള്ളു.

(ബി) ഉണ്ട്.

(സി) വായ്പ വിതരണം നടന്നു കഴിഞ്ഞതാണ്. എന്നാൽ അതു സംബന്ധിച്ച് ലഭിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിൽ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നടത്തിയ അന്വേഷണത്തിൽ ലോൺ ലഭിച്ചതിൽ 29 പേരും യഥാർത്ഥ കരകൗശല തൊഴിലാളികളല്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, അനർഹരായവർക്ക് നൽകിയ സാമ്പത്തിക സഹായം പലിശ സഹിതം തിരിച്ചു പിടിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

109 (3110)ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly